(I) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം

4 (*34) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗവും വൈദ്യുതി ഉത്പാദനവും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ജലവൈദ്യുത പദ്ധതികൾ പുതുതായി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതിയുടെ ദൗർലഭ്യം പരിഹരിക്കുവാനുള്ള ദീർഘകാല പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താമോ ;

(ഡി) പരിസ്ഥിതി ആഘാതമില്ലാത്ത പ്രദേശത്ത് മഴവെള്ളം തടഞ്ഞുനിർത്തി വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകരിച്ച 18-ാം പവർ സർവ്വേ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം പ്രതിവർഷം ശരാശരി '6' ശതമാനത്തോളം വർദ്ധിച്ചുവരികയാണ്. വിശദാംശങ്ങൾ അനുബന്ധം 1* ആയി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചേർക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം പ്രധാനമായും ജലവൈദ്യുത പദ്ധതികളെ ആശ്രയിച്ചാണുള്ളത്. നിലവിൽ സംസ്ഥാനത്തെ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിതശേഷി ഏകദേശം 2004 മെഗാവാട്ടും പ്രതീക്ഷിത വാർഷിക ഉല്പാദനം 7060 ദശലക്ഷം യൂണിറ്റും മാത്രമാണ്. അതായത് ജലവൈദ്യുതോല്പാദനം ഇപ്പോഴത്തെ വൈദ്യുതി ആവശ്യകതയുടെ 30 ശതമാനം മാത്രമാണ്. സംസ്ഥാനത്തെ ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം (BDPP-106 മെഗാവാട്ട്), കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം (KDPP-128 മെഗാവാട്ട്) NTPC-യുടെ കായംകുളം താപവൈദ്യുത നിലയം (359.58 മെഗാവാട്ട്), BSES-ന്റെ കൊച്ചി നിലയം (157 മെഗാവാട്ട്), കെ.പി.സി.എൽ., കാസർഗോഡ് (20 മെഗാവാട്ട്) തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നുള്ള വൈദ്യുത ഉല്പാദനത്തിന് വേണ്ടിവരുന്ന ഇന്ധന ചെലവ് യൂണിറ്റൊന്നിന് '11' രൂപയിൽ അധിക മായതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമേ ടി നിലയങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നുള്ളൂ.

കേരളത്തിലെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. ഉപഭോഗത്തിൽ 96% വർദ്ധനവ് ഉണ്ടായപ്പോൾ ഉല്പാദനത്തിൽ 10% വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള താരതമ്യ കണക്ക് അനുബന്ധം-2* ആയി ചേർക്കുന്നു.

(ബി) പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ സംഭരണശേഷി കൂടിയ ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രകൃതിവാതകത്തെ ആശ്രയിക്കുന്ന നിലയങ്ങളുടെ ഉല്പാദന ചെലവ് ആശങ്കാജനകമാണ്. എന്നാൽതന്നെയും ഈ ഇനത്തിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം-* ആയി ചേർക്കുന്നു.

ഇതുകൂടാതെ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവ ഉപയോഗിച്ചുള്ള വൈദ്യുത ഉല്പാദന പദ്ധതികൾക്കും മുൻഗണന നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിനു പുറത്തുനിന്നുള്ള വൈദ്യുതി ഉല്പാദകരിൽനിന്നും മത്സരാധിഷ്ഠിത ടെണ്ടർ വഴിയും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കുകൾ വഴിയും ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ടാറ്റാ മൈത്തോൺ കമ്പനിയിൽനിന്നും 150 മെഗാവാട്ട് വൈദ്യുതി, 25 വർഷത്തേയ്ക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന്, 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽനിന്ന് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മുതൽ 2014 വരെയുള്ള കാലയളവിൽ 36.06 മെഗാവാട്ടിന്റെ പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ അനുബന്ധം-4 *ആയി ചേർക്കുന്നു.

കൂടാതെ 34 പീക്കോ വൈദ്യുത പദ്ധതികളിൽനിന്ന് 35 കിലോവാട്ട് വൈദ്യുതിയും കല്ലാർ ചെറുകിട വൈദ്യുത (മൈക്രോ) പദ്ധതിയിൽനിന്ന് 50 കിലോവാട്ട് വൈദ്യുതിയും ലഭിക്കുന്നു. കൂടാതെ അനെർട്ട് ആവിഷ്കരിച്ച് ഇടക്കമിട്ട പതിനായിരം റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിവഴി ഇതുവരെ 6.593 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ വിവിധ പൊതുകെട്ടിടങ്ങളിൽ സ്ഥാപിച്ച സോളാർ പവർപ്ലാന്റുകൾവഴി 430.36 കിലോവാട്ട് സ്ഥാപിതശേഷിയും ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്.

(ഡി) പരിസ്ഥിതി ആഘാതമില്ലാത്ത സ്ഥലത്ത് മഴവെള്ളം തടഞ്ഞു നിർത്തി വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയും ഇതുവരെ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.